തിരുവനന്തപുരം നഗരത്തിലെ ഒഴിപ്പിക്കപ്പെട്ട ബങ്ക് കച്ചവടക്കാർ

5. [1381] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ ലൈസൻസ് പ്രകാരം പ്രവർത്തിച്ചിരുന്നതിൽ എത്ര ബങ്കുകളാണ് ഇതേവരെ ഒഴിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(സി) തമ്പാനൂരിലും കിഴക്കേകോട്ടയിലും പുനരധിവാസ പദ്ധതി പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഏതെങ്കിലും പുനരധിവാസ പദ്ധതി കെ. എസ്. ആർ. ടി. സി. ഏറ്റെടുത്തിട്ടുണ്ടോ ;

(ഇ) പുനരധിവാസ പദ്ധതിക്ക് തടസ്സം എന്തെങ്കിലുമുണ്ടോ ; ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 204.

(ബി) പുനരധിവസിപ്പിക്കാൻ അർഹതയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) കിഴക്കേകോട്ടയിൽ സബ്ജയിലിനു സമീപം 45 കടമുറികളുടെ പണി പൂർത്തിയായി. തമ്പാനൂരിൽ പണി ആരംഭിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഉണ്ട്. തമ്പാനൂരും കിഴക്കേകോട്ടയിലും കെ. എസ്. ആർ. ടി. സി. നഗരസഭയെ എൽപ്പിക്കാമെന്ന് ഏറ്റിരുന്ന ഭൂമി നാളിതുവരെ കൈമാറിയിട്ടില്ല.

ചാലക്കുടി റിഫ്രാക്ടറീസ്

6. [1387] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി റിഫ്രാക്ടറീസ് എന്നാണ് അടച്ചുപൂട്ടിയത് ;

(ബി) ഇവിടെ എത്ര ജീവനക്കാരുണ്ട് ;

(സി) ഈ ഫാക്ടറിതുറന്നു പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഫാക്ടറിയും സ്ഥലവും വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്ക് എന്തു വിലയ്ക്കാണ് വിൽക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ കമ്പനിയിലെ തൊഴിലാളികളെ 1994 നവംബർ മാസം മുതൽ ലേ-ഓഫ് ചെയ്തിരിക്കുകയാണ്.

(ബി) 120.

LIBRARY ARCHIVES Kerala Legislative Assembly